11/1/23


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 870*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9695**/*എസ്.ഐ.സി-ജി 6/22)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ.സി.ഗിരീഷ്,**
**ഉഷസ്സ്, ഹൗസ് നം.75,**
**പ്ലസന്റ് നഗർ, കൊല്ലം,**
**പിൻ – 691 009.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **കെ.എം.എം.എൽ. ലിമിറ്റഡ്,**
   **ശങ്കരമംഗലം, ചവറ,**
   **കൊല്ലം, പിൻ – 691 583.**

2. **അപ്പീൽ അധികാരി,**
   **(GM(HR/EDP),**
   **കെ.എം.എം.എൽ. ലിമിറ്റഡ്,**
   **ശങ്കരമംഗലം, ചവറ,**
   **കൊല്ലം, പിൻ – 691 583.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.03.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.04.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.05.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.05.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.06.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.06.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖ ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 11.03.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 10.02.2021 തീയതിയിലെ ജനറൽ മാനേജർ (MS/TSP&HR/EDP) നൽകിയ ഒഴിവുകൾ നിർണ്ണയിച്ച പത്രപരസ്യത്തിലെ ഒഴിവുകൾ സംബന്ധിച്ച്;

1) ഒഴിവുകളിലേയ്ക്ക് ലഭിച്ച അപേക്ഷകരുടെ ഇനം തിരിച്ച ലിസ്റ്റ്(പുരുഷൻ/വനിത) നൽകണമെന്നും

2) ആകെ ഒഴിവുകളിലേക്ക് ഇനം തിരിച്ചുള്ള അപേക്ഷകരുടെ ലിസ്റ്റ്,

3) അപേക്ഷകരിൽപ്പെടുന്ന ജീവനക്കാരുടെ (പുരുഷൻ/സ്ത്രീ) രാത്രികാല ഷിഫ്റ്റിന്റെ വിവരങ്ങൾ അടങ്ങിയ വ്യവസ്ഥകളുടെ പകർപ്പ്,

4) കെ.എം.എം.എൽ, എം.എസ്. യൂണിറ്റിലെ നിലവിലെ ഓഫീസർമാരുടെ ഓർഗനൈസേഷൻ സ്ട്രക്ചർ പകർപ്പ് നൽകണമെന്നും

5) കെ.എം.എം.എൽ., എം.എസ്.യൂണിറ്റിലെ ഓഫീസർമാരുടെ അംഗീകൃത സാംങ്ഷൻ പോസ്റ്റുകളുടെ ലിസ്റ്റും യോഗ്യതാ മാനദണ്ഡങ്ങളുടെ പകർപ്പുകളും നൽകണമെന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 26.04.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

ക്രമനമ്പർ 1,2&3 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ആവശ്യപ്പെട്ട രൂപത്തിൽ ലഭ്യമല്ലെന്നും

ക്രമനമ്പർ 4 സംബന്ധിച്ചുള്ളവ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും

5) ചോദ്യം വ്യക്തമല്ലെന്നും ക്രമനമ്പർ 6 സംബന്ധിച്ചവ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും

7) വിവരാവകാശ നിയമം 8(1)(j) പ്രകാരം നൽകുവാൻ സാധിക്കുകയില്ലെന്നും

8) രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.05.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയും വിശദമായി പരിശോധിച്ചതിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധ രേഖകളോടൊപ്പം ചേർക്കുന്നുവെന്നാണ്.

04.04.2022ന് ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് 26.04.2022ന് കെ.എം.എം.എൽ./ആർ.ഐ.എ–05/22–23 നമ്പരായി നൽകിയ മറുപടിയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരുന്നുവെന്നും എന്നാൽ ടി രേഖകൾ ടിയാന് ലഭിച്ചിട്ടില്ല എന്ന് അപ്പീലിൽ സൂചിപ്പിച്ചിരിക്കുന്നതിനാൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ടി ഓഫീസിൽ ലഭ്യമായ രേഖകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 4, 8 എന്നിവയ്ക്ക് മറുപടി നൽകിയിട്ടില്ലെന്നും ഓർഗനൈസേഷൻ ചാർട്ട് നൽകിയത് പൂർണ്ണമല്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ മേൽപ്പടി വിവരങ്ങൾ വ്യക്തമായി ഹർജിക്കാ

രന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 28–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി